# ദൈവത്തിൻറെ പദ്ധതികളെ തടസ്സപ്പെടുത്തരുത്

സാക് പുന്നൻ

WFTW 24 ജൂലൈ 2016

അപ്പൊ.പ്രവ 3 ൽ മുടന്തനായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നതിനെകുറിച്ച് നാം വായിക്കുന്നു.ആയാൾ 40 വയസ്സിനു മുകളിൽ പ്രായമുള്ളവൻ ആയിരുന്നു (അപ്പൊ.പ്രവ (4:22)ൽ ജന്മനാ മുടന്തനായിരുന്ന അവനെ ചിലർ ഭിക്ഷയാചിക്കേണ്ടതിന് എല്ലാ ദിവസവും ദൈവാലയത്തിൻറെ സുന്ദരം എന്ന ഗോപുരത്തിങ്കലേയ്ക്ക് എടുത്തുകൊണ്ടുവന്ന് ഇരുത്തുമായിരുന്നു.കുറഞ്ഞപക്ഷം കഴിഞ്ഞ 20 വർഷങ്ങളായിട്ടെങ്കിലും ദിവസേന അയാൾ അവിടെ ഇരുന്നിട്ടുണ്ടാകും. യേശു അയാളെ ഇടയ്ക്കിടക്ക് കണ്ടിട്ടുണ്ടാകും,. അപ്പോഴൊക്കെ ഓരോ തവണയും യേശു അയാൾക്ക് പണം നൽകിയിട്ടുണ്ടാകും. രോഗ സൗഖ്യമല്ല . യേശു എന്തുകൊണ്ടാണ് അയാളെ സൗഖ്യമാക്കാതിരുന്നത്.? കാരണം അങ്ങനെ ചെയ്യുന്നതിനായി തൻറെ പിതാവിൽ നിന്ന് തനിക്ക് ഒരു മാർഗ്ഗ നിർദ്ദേശം ഇല്ലായിരുന്നു. ചില ആളുകൾ കരുതുന്നത് യേശു എല്ലാവരേയും സൗഖ്യമാക്കികൊണ്ട് ചുറ്റി നടന്നു എന്നാണ്. അവിടുന്ന് അങ്ങനെ ചെയ്തില്ല. രോഗികളായ അനേകം ആളുകൾ കിടന്നിരുന്ന ബെഥെസ്ദ കുളക്കരയിലേയ്ക്ക് അവിടുന്ന് ചെന്നിട്ട് പക്ഷ വാതക്കാരനായ ഒരു മനുഷ്യനെ മാത്രമേ സൗഖ്യമാക്കിയുള്ളൂ. ദൈവാലയ വാതിൽക്കൽഇരുന്ന ആമനുഷ്യനെ അവിടുന്ന് കൂടെ കൂടെ കാണുമായിരുന്നു എങ്കിലും ഒരിക്കലും അവിടുന്ന് ആ മനുഷ്യനെ സൗഖ്യമാക്കിയില്ല. യേശു അയാളെ സൗഖ്യമാക്കിയിരുന്നു എങ്കിൽ അപ്പൊ.പ്രവ 3ഉം, 4ഉം അദ്ധ്യായങ്ങളിൽ ഈ മനുഷ്യൻറെ സൗഖ്യത്തിലൂടെ പൊട്ടിപുറപ്പെട്ട ഉണർവ്വ് ഉണ്ടാകുമായിരുന്നില്ല.

പ്രാർത്ഥനയിൽ ദൈവഹിതം അന്വേഷിക്കാതെ നമ്മുടെ യുക്തിക്കനുസരിച്ച് നാം പ്രവർത്തിക്കുകയാണെങ്കിൽ നമുക്ക് ദൈവത്തിൻറെ പ്രവൃത്തി തടസ്സപ്പെടുത്തും കഴിയും. അതുകൊണ്ടാണ് യേശു മാർത്തയോട് പറഞ്ഞത്, അവിടുത്തേയ്ക്കു വേണ്ടി എന്തെങ്കിലും ശുശ്രൂഷ ചെയ്യുന്നതല്ല ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്നാൽ ആദ്യം അവിടുത്തെ ശ്രദ്ധിക്കുകയും ( മറിയ ചെയ്തതുപോലെ) അതിനു ശേഷം അവിടുന്ന് നമ്മോട് ചെയ്യാൻ പറയുന്ന കാര്യം ചെയ്യുക എന്നതുമാണ്. ആ മനുഷ്യൻ സൗഖ്യമാക്കപ്പെടുന്നതിനുള്ള പിതാവിൻറെ സമയം പെന്തകോസ്ത് നാളിനു ശേഷം പത്രോസിലൂടെ ആയിരുന്നു. അത് നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു. നമുക്ക് ഒരു ആത്മീയ വരം ഉണ്ടായാലും , നാം അത് പ്രയോഗിക്കുന്നത് ദൈവം നമ്മെ അതിനായി നയിക്കുമ്പോഴാണ്. അല്ലാതെ നാം ഏറ്റവും നല്ലതെന്ന് ചിന്തിക്കുന്നതുപോലെ അല്ല. അല്ലാത്ത പക്ഷം നാം ദൈവത്തിൻറെ ഉദ്ദേശ്യത്തെ തടസ്സപ്പെടുത്തുന്നു.എന്നാൽ ഈ നാളുകളിൽ ആരാണ് ഇതു മനസ്സിലാക്കുന്നത്?

അധികം വിശ്വാസികളും പരിശുദ്ധാത്മാവുമായി ബന്ധം പുലർത്തുന്നില്ല 'അമാനുഷിക ശക്തിയാൽ എല്ലാവരേയും സൗഖ്യമാക്കുവാൻ കഴിയും'അല്ലങ്കിൽ'അമാനുഷിക ശക്തി കൊണ്ട് ആരേയും സൗഖ്യമാക്കാൻ കഴിയുകയില്ല' എന്നിങ്ങനെയുള്ള പ്രമാണങ്ങളാൽ ജീവിക്കുന്നവരാണ് അവർ. അത് നിങ്ങൾ പെന്തകോസ്തരാണോ അതോ, പെന്തകോസ്ത് വിരുദ്ധരാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു.ചട്ടങ്ങൾ അനുസരിച്ച് ജീവിക്കുന്നവർ നിയമവാദികളാണ്, അവർക്ക് ഒരിക്കലും ദൈവഹിതം നിറവേറ്റാൻ കഴിയുകയുമില്ല. യേശു പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടി രുന്നു അതിനാൽ ആ മനുഷ്യനെ സൗഖ്യമാക്കുന്നതിനുള്ള സ്വാതന്ത്ര്യം പരിശുദ്ധാത്മാവ് ഒരിക്കലും അവിടുത്തെ ആത്മാവിൽ നൽകിയില്ല. അതുകൊണ്ട് അയാളെ കടന്നുപോയ ഓരോ സമയവും അവിടുന്ന് അയാൾക്ക് പണം മാത്രമേ നൽകിയുള്ളൂ. അങ്ങനെ യേശു ദൈവഹിതം നിറവേറ്റി. പിന്നീട് പത്രോസ്സ് കടന്നു പോയപ്പോൾ ആ മനുഷ്യൻ പണം ആവശ്യപ്പെട്ടു., അപ്പോൾ പത്രോസ് പറഞ്ഞു ' നിനക്ക് തരുവാൻ എൻറെ കൈയ്യിൽ പണം ഒന്നും ഇല്ല എന്നാൽ യേശുവിൻറെ നാമത്തിൽ എഴുന്നേൽക്ക. 'അതിൻറെ ഫലമായി

5000 പേർ രക്ഷിക്കപ്പെടുവാനിടയായി.യേശു മൂന്നര വർഷം പരിശുദ്ധാത്മാവിനെ അനുസരിച്ച് ഈ മനുഷ്യനെ സൗഖ്യമാക്കാതെ ഇരുന്നതുകൊണ്ട്. 5000 ആളുകൾ വീണ്ടും ജനിക്കപ്പെട്ടു.

ഇത് എനിക്ക് ഒരു വലിയമുന്നറിയിപ്പാണ്. ഞാൻ 'എൻറെ സ്വന്തം വിവേകത്തിൽ ആശ്രയിച്ചാൽ' (സദൃശ്യവാക്യം 3:5), ഞാൻ പരിശുദ്ധാത്മാവിൻറെ മാർഗ്ഗ ദർശനമില്ലാതെ പ്രവർത്തിച്ചാൽ എങ്ങനെ എനിയ്ക്ക് ദൈവത്തിൻറെ വേലയെ തടസ്സപ്പെടുത്തുവാൻ കഴിയും. ഞാൻ ചെയ്യുന്നത് ഒരു നല്ല പ്രവൃത്തി ആയിരിക്കാം ( മുടന്തനായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നതിനേക്കാൾ നല്ലതായിരിക്കാൻ ഏതു പ്രവൃത്തിക്കാണ് കഴിയുന്നത്?) .എന്നാൽ അതിന് ദൈവത്തിൻറെ പദ്ധതികളെ തടസ്സപ്പെടുത്തുവാൻ കഴിയും.ദൈവത്തിൻറെ വഴികൾ നമ്മുടെ വഴികൾ അല്ല. ബുദ്ധിമാനായ മനുഷ്യൻ, ചട്ടങ്ങളാൽ ജീവിക്കുന്ന മനുഷ്യൻ, ദൈവത്തിൻറെ ഉദ്ദേശ്യങ്ങൾക്ക് ഒരു പ്രതിബന്ധമായിരിക്കും സത്യനിഷ്ടമായ പ്രമാണങ്ങളാലും ചട്ടങ്ങളാലും ജീവിക്കുന്ന അനേകം ക്രിസ്ത്യാനികളും , ദൈവത്തിൻറെ വേലയ്ക്ക് വലിയ പ്രതിബന്ധമാണ്. പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ച് കേൾക്കുന്നവൻ ആരാണോ അവനാണ് ദൈവത്തിന് ഏറ്റവും ഉപയോഗപ്രദനായ മനുഷ്യൻ.